LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിച്ചെലവിലെ മൂലധന നിക്ഷേപ ശതമാനം

76 (T*3181) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള ഓരോ വർഷത്തെയും പദ്ധതിച്ചെലവിലെ മൂലധന നിക്ഷേപ ശതമാനം എത്രയെന്ന് അറിയിക്കാമോ ;

(ബി) ഇതേ കാലയളവിൽ ആകെ മൂലധന നിക്ഷേപം എത്രയെന്ന് അറിയിക്കാമോ ?

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2011-12 മുതൽ 2014-15 വരെയുള്ള ഓരോ വർഷത്തേയും മൂലധനച്ചെലവും പദ്ധതി ചെലവും പദ്ധതി ചെലവിൽ മൂലധന ചെലവിന്റെ ശതമാനവും ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

വർഷം	2011-12	2012-13	2013-14	2014-15
മൂലധന ചെലവ്	3360.88	3414.56	3390.21	3550.48
പദ്ധതി ചെലവ്**	7577.68	9218.57	9511.56	10069.03
പദ്ധതി ചെലവിൽ മൂലധന ചെലവിന്റെ ശതമാനം	44.35%	37.04%	35.64%	35.26%

ആൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെന്റ് ഫണ്ട്

77 (3182) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെൻറ് ഫണ്ട് സ്വരൂപണം കൊണ്ടുദ്ദേശിക്കുന്നതെന്താണ്;

(ബി) വികസന പ്രവർത്തനങ്ങൾക്കായി ആൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെൻറ് ഫണ്ട് സ്വരൂപിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ്; പ്രസ്തുത ഫണ്ട് വഴി നാളിതുവരെ എത്ര തുക സ്വരൂപിക്കുകയുണ്ടായി?

---

* T മാറ്റിവച്ച ചോദ്യത്തിനെ സൂചിപ്പിക്കുന്നു

(** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കെ.എസ്.ഇ.ബി. ഒഴികെ)

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) SEBI(s)-യുടെ AIF റെഗുലേഷൻ 2012 വകുപ്പ് 2(1)(ബി) അനുസരിച്ച് ട്രസ്റ്റ്, കമ്പനി, ബോഡി, കോർപ്പറേറ്റ് അല്ലെങ്കിൽ ലിമിറ്റഡ് ലയബിലിറ്റി പാർട്ണർഷിപ്പ് രൂപത്തിലുള്ളതും നിലവിൽ സെബി ഫണ്ട് മാനേജ്മെന്റ് റെഗുലേഷൻ പരിധിയിൽ വരാത്തതും (മൃച്വൽ ഫണ്ട്, കളക്ടീവ് ഇൻവെസ്റ്റ്മെന്റ് സ്കീം റെഗുലേഷൻ എന്നിവ പോലെ) അല്ലെങ്കിൽ മറ്റ് മേഖലാ റെഗുലേറ്റർമാരുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ വരാത്തതുമായ ഏതൊരു സ്വകാര്യ സമാഹരണ ഇൻവെസ്റ്റ്മെന്റ് ഫണ്ടും (ഇന്ത്യയിൽ അല്ലെങ്കിൽ വിദേശത്ത് നിന്നോ) എന്നതാണ് ആൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെന്റ് ഫണ്ടിന്റെ നിർവ്വചനം. അടിസ്ഥാന സൗകര്യവികസനത്തിനാവശ്യമായ ഫണ്ട് സ്വരൂപിക്കുന്നതിന് ഈ മാർഗ്ഗം അവലംബിക്കാവുന്നതാണ്.

(ബി) വികസന പ്രവർത്തനങ്ങൾക്കായി ആൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെന്റ് ഫണ്ട് സ്വരൂപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല.

വിമുക്തഭടൻമാർക്കുള്ള സമയബന്ധിത ഹയർ ഗ്രേഡ്

78 (3183) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 14-9-2015-ലെ സർക്കാർ ഉത്തരവ്(പി) നമ്പർ 408/2015/ധന. പ്രകാരം ഏത് തീയതി മുതലാണ് സർവ്വീസിലുള്ളതും വിരമിച്ചതുമായ വിമുക്തഭടൻമാർക്ക് സമയബന്ധിത ഹയർ ഗ്രേഡിന് അർഹതയുള്ളത്;

(ബി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് തുടങ്ങിയ വിവിധ സർക്കാർ വകുപ്പുകളിൽ സർജെന്റ്, അസിസ്റ്റന്റ് സെക്യൂരിറ്റി ഓഫീസർ, തുടങ്ങിയ തസ്തികകളിൽ നിന്ന് വിരമിച്ച വിമുക്തഭടൻമാർക്ക് ഈ ഉത്തരവ് പ്രകാരം അവർക്ക് അർഹതപ്പെട്ടിരുന്ന സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധിച്ച് വകുപ്പിൽ നിന്ന് ധനകാര്യ വകുപ്പിനോട് സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്പഷ്ടീകരണം അടിയന്തരമായി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ;